**A** **GI 605**

# സമഗ്രശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2023-2024

**ക്ലാസ് : 6** **സാമൂഹ്യശാസ്ത്രം** **സമയം: 2 മണിക്കൂർ**

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ പ്രവർത്തനങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ **8** പ്രവർത്തനങ്ങളിൽ **6** എണ്ണം ഗ്രേഡിനായി പരിഗണിക്കുക.
3. ഒരു പ്രവർത്തനത്തിന് 5 പോയിന്റ്, ആകെ 30 പോയിന്റ്. (5/4/3/2/1)
4. എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് A/B/C/D/E ഓവറോൾ ഗ്രേഡ് നൽകണം.

---

പ്രവർത്തനം - 1

**പഠനനേട്ടം :- ഡൽഹി തലസ്ഥാനമാക്കി ഉയർന്നുവന്ന സൽത്തനത്ത് മുഗൾ രാജവംശങ്ങളുടെ വളർച്ചയും വ്യാപനവും വിശകലനം ചെയ്യുന്നു.**

**സൂചകങ്ങൾ**

എ)

1. കുത്ബുദ്ദീൻഐബക് - 1206-ൽ ഡൽഹികേന്ദ്രമാക്കി ഭരണം ആരംഭിച്ചു.
2. ഇൽത്തുമിഷ് - ഏകീകൃത നാണയവ്യവസ്ഥ നടപ്പിലാക്കി. 'തങ്ക', 'ജിതൽ' എന്നിവയായിരുന്നു നാണയങ്ങൾ
3. അലാവുദ്ദീൻഖൽജി - ഇറാഖിൽ നിന്നും കുതിരകളെ ഇറക്കുമതി ചെയ്ത് സൈന്യത്തെ ശക്തിപ്പെടുത്തി.
4. മുഹമ്മദ്ബിൻ തുഗ്ലക്ക് - ഭരണം കാര്യക്ഷമമാക്കാൻ തലസ്ഥാനം ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് മാറ്റി.
5. ബാബർ - ഇബ്രാഹിംലോദിയെ പരാജയപ്പെടുത്തി ഡൽഹി പിടിച്ചെടുത്തു.
6. ഔറംഗസേബ് - മുഗൾസാമ്രാജ്യം ഏറ്റവും വിസ്തൃതി പ്രാപിച്ചു. (4)

ബി) സിന്ധു-ഗംഗാ സമതലം, ആരവല്ലി പർവ്വത നിരകൾ, യമുനാനദി (1)

പ്രവർത്തനം - 2

**പഠനനേട്ടം :- കാലാവസ്ഥാമേഖലകൾ താരതമ്യം ചെയ്ത് ഓരോ മേഖലയുടെയും തനതുസവിശേഷതകൾ രേഖപ്പെടുത്തുന്നു.**

**സൂചകങ്ങൾ**

എ)

**പിഗ്മികൾ -**
- ആഫ്രിക്കയിലെ കോംഗോനദീതടത്തിൽ അധിവസിക്കുന്നവരാണ്.
- ഉയരം കുറഞ്ഞ ശരീര പ്രകൃതവും ഇരുണ്ട നിറവുമാണ്.
- മുഖ്യഭക്ഷണം കസാവ (മരച്ചീനി) ആയിരുന്നു.
- മാനിന്റെ തുകലും ഇലകളുമായിരുന്നു വസ്ത്രം.
- മരച്ചില്ലകളും വലിയ ഇലകളും ഓലകളും കൊണ്ട് അർധവൃത്താകൃതിയിലുള്ള വീട് നിർമ്മാണം.

**മധ്യരേഖാ നിത്യഹരിതവനങ്ങൾ -**
- മധ്യരേഖാകാലാവസ്ഥാ മേഖലയിൽ സമൃദ്ധമായി മഴയും സൂര്യപ്രകാശവും ലഭിക്കുന്നതിനാൽ ഇവിടത്തെ വനങ്ങളിലെ മരങ്ങൾ ഇലപൊഴിക്കാറില്ല. അതിനാൽ, ഈ വനങ്ങളെ മധ്യരേഖാ നിത്യഹരിതവനങ്ങൾ എന്ന് വിളിക്കുന്നു.
- വനവിഭവ ശേഖരണം പ്രധാന ഉപജീവനമാർഗമാണ്.
- വൈവിധ്യ പൂർണ്ണമാണ് ഇവിടത്തെ സസ്യജന്തുജാലങ്ങൾ.

**മരുപ്പച്ചകൾ -**
- മരുഭൂമികളിലെ ജലലഭ്യമായ പ്രദേശങ്ങൾ
- ഒറ്റപ്പെട്ടുകാണുന്ന ഈ ജലാശയങ്ങളെ ചുറ്റിപ്പറ്റി സസ്യങ്ങളും ജന്തുക്കളും ജനവാസമേഖലകളും

**പ്രവർത്തനം - 6**

**പഠനനേട്ടം :-**

- **അവകാശങ്ങളും കടമകളും തമ്മിലുള്ള പരസ്പരബന്ധം വിശകലനം ചെയ്യുന്നു.**

**സൂചകങ്ങൾ**

എ)

| അവകാശങ്ങൾ | കടമകൾ |
|---|---|
| 1. • കുട്ടി എന്ന നിലയിൽ 'സംരക്ഷണം എന്റെ അവകാശം'. | • എന്നെ സംരക്ഷിക്കുക മാതാപിതാക്കളുടെ കടമ. |
| 2.• വാർധക്യത്തിൽ സംരക്ഷണം മാതാപിതാക്കളുടെ അവകാശം . | • വാർധക്യത്തിൽ മാതാപിതാക്കളെസംരക്ഷിക്കുക എന്റെ കടമ. |
| 3. • പഠിക്കാൻ എനിക്കവകാശമുണ്ട്. | • പഠിക്കുക എന്നത് എന്റെ കടമ. |

ബി) 1. ദേശീയബാലാവകാശ കമ്മീഷൻ (3)
2. സംസ്ഥാനബാലാവകാശ കമ്മീഷൻ (2)

**പ്രവർത്തനം - 7**

**പഠനനേട്ടം :- നഗരസമൂഹത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ഗ്രാമസമൂഹങ്ങളുമായി താരതമ്യം ചെയ്ത് വിശകലനം ചെയ്യുന്നു.**

എ)

- ഗ്രാമങ്ങളിലെ ജീവിതരീതികൾ സങ്കീർണമല്ല. എന്നാൽ, നഗരങ്ങളിലേത് സങ്കീർണമായ ജീവിതരീതികളാണ്
- കൃഷിയും അനുബന്ധ തൊഴിലുകളുമാണ് ഗ്രാമങ്ങളിലെങ്കിൽ വ്യവസായത്തോടും വ്യാപാരത്തോടും ബന്ധപ്പെട്ട തൊഴിലുകളാണ് നഗരങ്ങളിലേത്.
- ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക് പരസ്പരം അടുത്തറിയാം.അവർ തമ്മിൽ നല്ല അടുപ്പമുണ്ടായിരിക്കും. എന്നാൽ, നഗരങ്ങളിൽ അയൽപക്ക ബന്ധങ്ങൾ കുറവാണ്.
- ഗ്രാമീണരുടെ വേഷം ലളിതമായിരിക്കും. ഫാഷനുകൾക്ക് അനുസരിച്ചുള്ള വേഷവിധാനമാണ് നഗരങ്ങളിലേത്. (4)

ബി) ഊര് (1)

**പ്രവർത്തനം - 8**

**പഠനനേട്ടം :-**

- **പ്രകൃതിവിഭവങ്ങളെ പുനസ്ഥാപിക്കപ്പെടുന്നവയെന്നും പുനസ്ഥാപിക്കപ്പെടാത്തവയെന്നും വർഗീകരിച്ച് പട്ടികപ്പെടുത്തുന്നു.**
- **അശാസ്ത്രീയവും അനിയന്ത്രിതവുമായ വിഭവ ഉപയോഗം മൂലം പ്രകൃതിയിൽ വിഭവസമ്പത്തിന് വന്നുചേരാവുന്ന ദോഷങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നു.**

എ)

| ഉപയോഗത്തിന് അനുസരിച്ച് തീരുന്ന വിഭവങ്ങൾ | ഉപയോഗത്തിന് അനുസരിച്ച് തീരാത്ത വിഭവങ്ങൾ |
|---|---|
| • പ്രകൃതിവാതകം | • ജലം |
| • പെട്രോളിയം | • കാറ്റ് |
| • കൽക്കരി | • സൂര്യപ്രകാശം |

(3)

ബി) അനിയന്ത്രിതമായ ഉപഭോഗം മൂലം വിഭവങ്ങളുടെ അളവിലും ഗുണത്തിലുമുണ്ടാകുന്ന കുറവാണ് വിഭവശോഷണം. (2)

കൂടുതലായി കാണപ്പെടുന്നു.

**ഇന്യൂട്ടുകൾ -**

- വടക്കേ അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നീ വൻകരകളുടെ വടക്ക് ഭാഗത്ത് സ്ഥിരമായി മഞ്ഞ് മൂടിക്കിടക്കുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരാണ് 'ഇന്യൂട്ടുകൾ'.
- വർഷത്തിൽ തുടർച്ചയായി ആറുമാസക്കാലം ഇവർക്ക് പകലും തുടർന്ന് രാത്രിയുമാണ്.
- പ്രതികൂല കാലാവസ്ഥയും വിഭവങ്ങളുടെ അഭാവവും അതിജീവിച്ച് കഴിയുന്നവർ.
- മൃഗവേട്ടയും മത്സ്യബന്ധനവുമാണ് ജീവിതോപാധി.
- ഒരു പ്രദേശത്ത് സ്ഥിരമായി വസിക്കാറില്ല.
- തിമിംഗലത്തിന്റെ എല്ലും പരുക്കൻ കല്ലുകളും തുകലും മറ്റുമുപയോഗിച്ച് വീടുകൾ നിർമ്മിക്കുന്നു. (4)

ബി) മലേഷ്യ - സെമാങുകൾ (1)

**പ്രവർത്തനം - 3**

**പഠനനേട്ടം :-**

◆ **ജനാധിപത്യ ഗവൺമെന്റിന്റെ മേന്മകൾ പട്ടികപ്പെടുത്തുന്നു.**

**സൂചകങ്ങൾ**

എ) (a) ജനാഭിലാഷം മാനിക്കുന്നു.

(b) വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നു.

(d) ഭരണാധികാരികൾ ജനങ്ങളോട് കടപ്പെട്ടിരിക്കുന്നു.

(e) ഭരണാധികാരികളും ജനങ്ങളും ഒരേ നിയമത്തിന് വിധേയരാണ്. (4)

ബി) പട്ടാളഭരണം. (1)

**പ്രവർത്തനം - 4**

**പഠനനേട്ടം :-**

◆ **പെരുമാക്കൻമാരുടെ ഭരണം കേരളത്തെ ഒരു പ്രത്യേക മേഖലയായി വളർത്തി എന്ന് കണ്ടെത്തി അവതരിപ്പിക്കുന്നു.**

**സൂചകങ്ങൾ**

എ)
- നാടുവാഴികൾക്ക് കീഴിലുള്ള പ്രദേശങ്ങൾ 'സ്വരൂപം' എന്ന് അറിയപ്പെടുന്നു.
- കുടുംബത്തിലെ മൂത്ത അംഗം അധികാരം കൈയാളിയിരുന്നു.
- നാടുകൾ തമ്മിൽ സമ്പത്തിലും സൈനികശക്തിയിലും വ്യത്യാസമുണ്ടായിരുന്നു.
- ആധിപത്യത്തിന് നാടുവാഴികൾ പരസ്പരം പോരാടിയിരുന്നു. (3)

ബി)
- ഗ്രാമങ്ങളിൽ ഉൽപാദിപ്പിക്കുന്ന വിഭവങ്ങൾ 'അങ്ങാടി'യിൽ കൊണ്ടുവന്ന് കൈമാറി.
- 'അങ്ങാടി'യുടെ വളർച്ച പ്രാദേശിക കച്ചവടം ശക്തിപ്പെടുത്തി.
- അനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, പന്തലായിനി തുടങ്ങിയവയാണ് അന്നത്തെ പ്രധാന അങ്ങാടികൾ. (2)

**പ്രവർത്തനം - 5**

**പഠനനേട്ടം :-**

◆ **മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നഗരങ്ങൾ ഉയർന്നുവരാൻ ഇടയായ പശ്ചാത്തലം വിശദീകരിക്കുന്നു.**

◆ **വിദ്യാഭ്യാസരംഗത്ത് മധ്യകാലഘട്ടത്തിലുണ്ടായ പുരോഗതി വിശദമാക്കുന്നു.**

◆ **മധ്യകാലഘട്ടത്തിലെ ചൈനാക്കാരുടെയും അറബികളുടെയും സാംസ്കാരിക നേട്ടങ്ങൾ തിരിച്ചറിയുന്നു.**

**സൂചകങ്ങൾ**

എ) (i) • കച്ചവട പ്രാധാന്യമുള്ള സ്ഥലങ്ങളും കരകൗശലവ്യവസായ കേന്ദ്രങ്ങളുമാണ് നഗരങ്ങളായി മാറിയത്./ • തുറമുഖങ്ങൾ കേന്ദ്രീകരിച്ചും നഗരങ്ങൾ ഉയർന്നു വന്നു/ • ചുറ്റുമതിലുകളാൽ സംരക്ഷിക്കപ്പെട്ടു.

(ii) കമാനങ്ങളും വിശാലമായ മുറികളുമുള്ള 'റോമനസ്ക്' ശൈലി നിലവിൽ വന്നു.

(iii) ക്രിസ്ത്യൻ പള്ളികളും സന്യാസിമഠങ്ങളും വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങളായിരുന്നു. (3)

ബി)
- അച്ചടിയന്ത്രം, വെടിമരുന്ന്
- കടൽയാത്രകളിൽ ദിശമനസ്സിലാക്കാൻ സഹായിക്കുന്ന വടക്കുനോക്കിയന്ത്രം.
- അച്ചടിവിദ്യ വിജ്ഞാനത്തിന്റെ വളർച്ചയെ സഹായിച്ചു.
- 'പഗോഡകൾ' - നിർമ്മാണ വൈഭവത്തിന് തെളിവുകളാണ്. (2)